

പ്രസിദ്ധീകരണത്തിന്റെ 10 പത്താം വർഷം

മലയാളത്തിലെ ആദ്യ ആർക്കിടെക്ചർ മാഗസിൻ

# ഡിസൈനർ + ബിൽഡർ

Designer + Builder

2012 December
Vol.10 Issue 91
Price ₹ 50/-

**EXCLUSIVE**

ബംഗ്ലാദേശ് ആർക്കിടെക്റ്റ്

## റഫീക്ക് അസം

## ഗ്രീൻ ആർക്കിടെക്ചർ & ഫ്ളോറിങ് സ്പെഷ്യൽ

ശ്രീനിവാസന്റെ ഹരിത ഗൃഹം

കേരളത്തിലെ ആദ്യ സൗരോർജ്ജ ഭവനം

സോളാർ പാനലുകൾ: സംശയങ്ങൾ അകറ്റാം

ഫ്ളോറിങ്ങിലെ പുതുമകൾ

റിസോർട്ട്



# വള്ളംകളിയുടെ

ചുറ്റുപാടുകളുടെ സൗന്ദര്യം ചോർന്നു പോകാതെയും 80 ശതമാനവും പരിസ്ഥിതിക്കിണങ്ങിയ വസ്തുക്കൾ ഉപയോഗിച്ചുമാണ് ആർക്കിടെക്റ്റ് നീന കോര ജേക്കബ് ചമ്പക്കുളത്തെ ത്രിവേണി റിവർ പാലസ് റിസോർട്ട് ഡിസൈൻ ചെയ്തത്



ഭ്രമിപ്പിക്കുന്ന അംഗലാവണ്യമാണ് കുട്ടനാടിന്. പ്രകൃതിയുടെ നിത്യയൗവ്വനമാകും ലോകമെമ്പാടുമുള്ള സഞ്ചാരികളെ കുട്ടനാട്ടിലേയ്ക്ക് ആകർഷിക്കുന്നത്. ചമ്പക്കുളത്തെ മൂലം വളളംകളി, പമ്പയാറ്റിലെ കുളി, കുട്ടനാടൻ താറാവുകറി, ഇത് മൂന്നിനുമായാണ് പ്രധാനമായും വിദേശികൾ കുട്ടനാട്ടിൽ എത്തുന്നത്. ഈ മൂന്നും പോലെ തന്നെ ഹൃദ്യമാണ് കുട്ടനാട്ടിലെ കെട്ടിടങ്ങളും. കുട്ടനാട്ടിൽ പണിയുന്നതെല്ലാം പരിസ്ഥിതി സൗഹാർദ്ദമല്ലാതിരിക്കാൻ തരമില്ല. ചുറ്റുപാടുകളുടെ സൗന്ദര്യം ചോർന്നു പോകാതെയും 80 ശതമാനവും പരിസ്ഥിതിക്കിണങ്ങിയ വസ്തുക്കൾ ഉപയോഗിച്ചുമാണ് ആർക്കിടെക്റ്റ് നീന കോര ജേക്കബ് ചമ്പക്കുളത്തെ ത്രിവേണി റിവർ പാലസ് റിസോർട്ട് ഡിസൈൻ ചെയ്തിരിക്കുന്നത്.

ചമ്പക്കുളത്തെ ഭൂപ്രമാണിയായ പരമേശ്വരൻ നായരുടേതായിരുന്നു



# നാട്ടിൽ

ഫോട്ടോ: ഷിജോ തോമസ്

ക്ലൈന്റ്:
**ത്രിവേണി റിവർ പാലസ്, ചമ്പക്കുളം**
ആർക്കിടെക്റ്റ്:
**നീന കോര ജേക്കബ്**
പ്രോജക്റ്റിന്റെ സ്ഥലം:
**ചമ്പക്കുളം**



ആർക്കിടെക്റ്റ്
നീന കോര ജേക്കബ്

എഴുപതു വർഷം പഴക്കമുള്ള ഈ കെട്ടിടം. അഞ്ചു വർഷം മുൻപ് റിസോർട്ടിനു വേണ്ടി ഇതി വാങ്ങി നവീകരിക്കുകയായിരുന്നു. 70 വർഷത്തിലധികം പഴക്കമുള്ള തേക്ക്, ഈട്ടി, ആഞ്ഞിലി, പ്ലാവ്, ഓട്, എന്നിവയാണ് നിർമ്മാണത്തിന് പ്രധാനമായും ഉപയോഗിച്ചിരിക്കുന്നത്. പഴമയെ രേഖപ്പെടുത്തുന്ന വസ്തുക്കൾക്കാണ് നിർമ്മാണത്തിൽ പ്രാമുഖ്യം. 70 സെന്റിലായി വ്യാപിച്ചു കിടക്കുന്ന ഈ റിസോർട്ടിനെ എൻട്രൻസ്, മെയിൻ ബിൽഡിങ്, ആയുർവേദ സ്പാ, ക്വാർട്ടേഴ്സ്, ഡയറക്ടേഴ്സ് റൂം, എന്നിങ്ങനെ വിഭജിച്ചിരിക്കുന്നു. ഗ്രൗണ്ടിൽ നിന്ന് 40 സെന്റി മീറ്റർ താഴെയാണ് ഈ കെട്ടിടത്തിന്റെ ഫ്ളോർ ലെവൽ. ഗ്രൗണ്ട് ലെവലിൽ വീഴുന്ന മഴവെള്ളത്തെ കൃതിമ മാർഗ്ഗങ്ങൾ ഉപയോഗിക്കാതെ ഗ്രാവിറ്റി ഫോഴ്സ് ഉപയോഗിച്ച് മഴവെള്ള കുഴികളിൽ എത്തിക്കുന്നു എന്നതാണ് മറ്റൊരു പ്രത്യേകത.







^

പ്രധാന കെട്ടിടം. റിസപ്ഷൻ, ആധുനിക റെസ്റ്റോറന്റ്, പമ്പയാറ്റിലേയ്ക്ക് തുറക്കുന്ന നാല് ബെഡ് റൂമുകൾ, കിച്ചൻ, സ്വിമ്മിങ് പൂൾ, ഡ്രസിങ് ഏരിയ, ഓപ്പൺ ബാർ/ പാർട്ടി ഏരിയ, തുടങ്ങിയ സൗകര്യങ്ങൾ ഇവിടെയുണ്ട്

<

എഴുപതു വർഷം പഴക്കമുള്ള  കെട്ടിടം നവീകരണത്തിനു മുമ്പ്

സ്വാഭാവിക പ്രകൃതിയ്ക്കാണ് ലാൻഡ്സ്കേപ്പിൽ പ്രാധാന്യം

v





പമ്പയാറ്റിന്റെ സൗന്ദര്യം ആസ്വദിക്കാൻ സന്ദർശകർക്കായി ഒരുക്കിയ കടവിന്റെ രാത്രി ദൃശ്യം

പഴയ ഫർണിച്ചറാണ് റിസപ്ഷനിൽ. പഴയ ജനാലകൾ, വുഡൻ സീലിങ് എന്നിവ അതേപടി നില നിർത്തിയിരിക്കുന്നു







സ്റ്റോറായി ഉപയോഗിച്ചിരുന്ന ഭാഗം നവീകരിച്ച് ആധുനിക റെസ്റ്റോറന്റാക്കി മാറ്റിയിരിക്കുന്നു. ചെരിഞ്ഞ റൂഫാണ് ഇവിടെ.മേൽക്കൂരയിൽ കോർണറിലായി ഒരു ഭാഗം തുറന്ന് മുകപ്പ് കൊടുത്തു, വെള്ളം താഴേക്കു പതിക്കുന്ന വിധത്തിൽ നടുമുറ്റം ഒരുക്കിയിരിക്കുന്നു. നടുമുറ്റത്തു നിന്ന് വെള്ളം പുറത്തേയ്ക്ക് സുഗമമായി ഒഴുകുന്ന രീതിയിൽ ഡ്രെയിനേജ് ഉണ്ട്. ഭിത്തിയിൽ ചെയ്തിരിക്കുന്ന മരം കൊണ്ടുള്ള അറ ഉപയോഗിച്ചുള്ള പാർട്ടീഷൻ നമ്മുടെ പൈതൃകത്തെ ഓർമിപ്പിക്കുന്നു





റെസ്റ്റോറന്റിനു സമീപത്തായി ഒരുക്കിയിരിക്കുന്ന ആമ്പൽക്കുളത്തിൽ പതിക്കുന്ന മഴ വെള്ളം ട്രീറ്റ് ചെയ്ത് സ്വിമ്മിങ് പൂളിലും ജലസേചനത്തിനുമായി ഉപയോഗപ്പെടുത്താൻ സംവിധാനങ്ങളുണ്ട്. ആമ്പൽക്കുളത്തിനു മുകളിലായി ഒന്നാം നിലയിലാണ് സ്വിമ്മിങ് പൂളിന്റെ സ്ഥാനം. സ്വിമ്മിങ്പൂൾ നിറയുമ്പോൾ രൂപപ്പെടുന്ന വാട്ടർഷീറ്റ് അതിഥികളുടെ കണ്ണുകൾക്ക് വിരുന്നേകും

ബെഡ്റൂമുകൾക്ക് ഒന്നിൽ കൂടുതലുണ്ടായിരുന്ന വാതിലുകളെല്ലാം ഒഴിവാക്കി സ്വകാര്യത ഉറപ്പു വരുത്തിയിരിക്കുന്നു.തടി ഉപയോഗിച്ചാണ് ബെഡ് റൂമുകളുടെ ഫാൾസ് സീലിങ്ങും ഫ്ളോറിങ്ങും ചെയ്തിരിക്കുന്നത്





പന്ധയാറിനോട് ചേർന്നുള്ള സിറ്റിങ് ലോഞ്ച് പുതിയതായി കൂട്ടിയെടുത്തതാണ്. ആഞ്ഞിലിത്തടി കൊണ്ടുള്ള വുഡൻ ഫാൾസ് സീലിങ്. മരം കൊണ്ട് റൂഫിൽ ട്രസ് വർക്ക് ചെയ്ത് മാംഗ്ളൂർ ടൈൽസ് ഇട്ടിരിക്കുന്നു.
ഫസ്റ്റ് ഫ്ളോറിലാണ് മിനി സ്വിമ്മിങ് പൂൾ ഒരുക്കിയിരിക്കുന്നത്.
സ്വിമ്മിങ് പൂളിനോടനുബന്ധമായി ഡ്രസിങ് റൂമും ഒരുക്കിയിട്ടുണ്ട്





പൂർണ്ണമായും മരത്തിൽ തീർത്തിരിക്കുന്ന ആയുർവേദ സ്പാ



ആയുർവേദ സ്പായുടെ മുകളിലത്തെ നിലയിലെ ബെഡ്റൂമുകളിലൊന്ന്

മഴവെള്ളം ഒരു തുള്ളി പോലും നഷ്ടമാകാതെ ഉപയോഗിക്കാൻ 2.5 ലക്ഷം സംഭരണ ശേഷിയുള്ള അണ്ടർ ഗ്രൗണ്ട് ടാങ്ക് പാൻട്രി കിച്ചന്റെ അടിയിൽ തയ്യാറാക്കിയിട്ടുണ്ട്. സ്വിമ്മിങ്പൂൾ, ഗാർഡൻ, ടോയ്ലെറ്റ് എന്നിവിടങ്ങളിൽ മഴവെള്ളമാണ് ഉപയോഗപ്പെടുത്തിയിരിക്കുന്നത്. ചൂടു വെള്ളത്തിനും പുറത്തെ ലൈറ്റിങ്ങിനുമായി സൗരോർജ്ജ പ്ലാന്റും സ്ഥാപിച്ചിട്ടുണ്ട്. പമ്പയാറ്റിന്റെ സൗന്ദര്യം ആസ്വദിക്കാൻ എല്ലാ മുറികളിലും ബാൽക്കണികൾ ഒരുക്കിയിട്ടുണ്ട്. ആറ്റിലേയ്ക്ക് തുറക്കുന്ന സിറ്റൗട്ട്, മൂലം വള്ളംകളി കാണാനുള്ള ഓപ്പൺ സ്പേസ് (ഓപ്പൺ ടു സ്കൈ.) എന്നിവ പൊതുവായ സൗകര്യങ്ങളാണ്.

കോട്ടയത്ത് മണാർകാടുള്ള തടി കൊണ്ടുനിർമ്മിച്ച പഴയ ഒറ്റ നില വീട് വിലയ്ക്ക് വാങ്ങി രണ്ടു നിലയാക്കി രൂപമാറ്റം വരുത്തി പുനഃസൃഷ്ടിച്ചാണ് ആയുർവേദ സ്പാ തയ്യാറാക്കിയത്. സിമന്റ് തൂണുകൾ മാത്രമാണ് പുതിയതായി നീട്ടിയെടുത്തത്. ധാര, ഉഴിച്ചിൽ മുതലായ സൗകര്യങ്ങൾ ക്രമീകരിച്ചിട്ടുണ്ട്. പൂർണമായും തടി









^
കാർട്ടേഴ്സുകളിലെ അകത്തളം

^
കാർട്ടേഴ്സുകളിലൊന്നിൽ ഓപ്പൺ കൺസപ്റ്റിൽ നിർമ്മിച്ചിരിക്കുന്ന ടോയ്‌ലെറ്റ്

^^
കാർട്ടേഴ്സുകൾ എല്ലാം കേരളീയ വാസ്തുശൈലിയുടെ ചാരുതയോടെ

യിൽ നിർമ്മിച്ച പരസ്പരം ബന്ധിപ്പിക്കാവുന്ന രണ്ട് ബെഡ്റൂമുകൾ ഇവിടെയുണ്ട്.

ഗ്രീൻ ആർക്കിടെക്ച്ചർ എന്താണെന്നും പ്രകൃതിയോട് ഇഴുകി ജീവിക്കുന്നതിന്റെ സൗന്ദര്യം എന്താണെന്നും മനസിലാക്കുവാൻ ധാരാളം പേർ ത്രിവേണിയിൽ എത്തിചേരുന്നുണ്ട്. മുലം വള്ളംകളി, പമ്പയാറ്റിലെ കുളി, പ്രകൃതിയോട് സമരസപ്പെട്ട് ഭക്ഷണവും താമസവും; മൂന്നും നഷ്ടമാകില്ല. പ്രകൃതിയുടെ സൗന്ദര്യം നഷ്ടപ്പെടുത്താത്ത ഉത്തരവാദിത്വമുള്ള ആർക്കിടെക്ചർ ഡിസൈനിങ് എന്ന് ഈ താമസസ്ഥലത്തെക്കുറിച്ച് ആരും പറയുകയും ചെയ്യും. ■